# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ജനിറ്റിക് എഞ്ചിനീയറിംഗ്</u>

5783 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ജനിറ്റിക് എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ സംസ്ഥാന കൃഷി വകുപ്പോ അനുബന്ധ സ്ഥാപനങ്ങളോ മുൻകൈ എടുത്ത് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കൃഷിക്കനുയോജ്യമല്ലാത്ത ഭൂമി കൃഷിക്കനുയോജ്യമാക്കി മാറ്റുന്നതിനായും പുതിയ വിളകൾ വികസിപ്പിക്കുന്നതിനായും ജനിറ്റിക് എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുമോ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

കടാശ്വാസത്തിനുള്ള അപേക്ഷ

5784 ശ്രീ. എം. ചന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടക്കെണിയിലായ കൃഷിക്കാരുടെ കടാശ്വാസത്തിനുള്ള അപേക്ഷ കാർഷിക കടാശ്വാസ കമ്മീഷൻ ഇപ്പോൾ സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കൃഷിക്കാരുടെ കടാശ്വാസത്തിനുള്ള അപേക്ഷ സ്വീകരിക്കുവാൻ കടാശ്വാസ കമ്മീഷന് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>12-ാം പഞ്ചവത്സര പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് പ്രത്യേക പരിഗണന</u>

5785 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ കാർഷിക മേഖല പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) കാർഷിക മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിന് തീരുമാനമായിട്ടുണ്ടോ;

(സി) കർഷകർക്കുള്ള സബ്സിഡി തുക നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്ന സംവിധാനം ഉറപ്പാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഉദ്യാനവിളകൾ

5786 ശ്രീ. കെ. രാധാകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
,, കെ. ദാസൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉദ്യാനവിളകളുടെ കാര്യത്തിൽ സർക്കാർ സംവിധാനങ്ങൾ നിഷ്ക്രിയമായിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഗുണനിലവാരമില്ലാത്ത നടീൽ വസ്തുക്കൾ മോഹവിലയ്ക്ക് കർഷകർക്ക് നൽകി വരുന്ന പ്രവണത വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലുകൾ</u>

5787 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരളത്തിന്റെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട സഹായങ്ങൾക്കായി ഏതെല്ലാം പദ്ധതികളുടെ പ്രൊപ്പോസലുകളാണ് കേന്ദ്ര സർക്കാരിനു മുന്നിൽ സമർപ്പിച്ചതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ പ്രൊപ്പോസലുകളിൽ എത്ര കോടി രൂപയുടെ ധനസഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി നിർവ്വഹണത്തിന് കേന്ദ്ര സർക്കാർ ഇതിനകം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>കർഷിക കടാശ്വാസ കമ്മീഷൻ</u>

5788 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷിക കടാശ്വാസ കമ്മീഷൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സിറ്റിംഗുകളാണ് നടത്തിയിട്ടുള്ളത് ; ഇതേവരെ എത്ര അപേക്ഷയാണ് പരിഗണിച്ചതെന്നും എത്ര രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് കടാശ്വാസ കമ്മീഷൻ എത്ര സിറ്റിംഗുകൾ നടത്തി ; എത്ര അപേക്ഷകളാണ് കമ്മീഷന്റെ പരിഗണനയ്ക്കായി ഇക്കാലത്ത് ലഭിച്ചത് ; എത്ര അപേക്ഷകളിൽ നഷ്ട പരിഹാരം നൽകിയിട്ടുണ്ട് ; ആകെ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കര്‍ഷിക കടാശ്വാസ കമ്മീഷന്‍ ശുപാര്‍ശ ചെയ്തിട്ടുള്ള ധനസഹായം</u>

5789 ശ്രീ. റോഷി അഗസ്റ്റിന്‍
,, പി.സി. ജോര്‍ജ്
ഡോ. എന്‍. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷിക കടാശ്വാസ കമ്മീഷന്‍ 2006-07 മുതല്‍ 2010-11 വരെയുള്ള സാമ്പത്തിക വര്‍ഷങ്ങളില്‍ എത്ര അവാര്‍ഡുകള്‍ക്ക് ശുപാര്‍ശ ചെയ്തു; ആയതിന്‍ പ്രകാരം കടാശ്വാസമായി എന്തു തുക നല്‍കാന്‍ സര്‍ക്കാര്‍ ബാധ്യസ്ഥമായിരുന്നു; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം കമ്മീഷന്‍ ശുപാര്‍ശ ചെയ്ത അവാര്‍ഡുകള്‍ക്കായി പ്രസ്തുത കാലയളവില്‍ എന്തു തുക അനുവദിച്ചു; വ്യക്തമാക്കുമോ;

(സി) കാര്‍ഷിക കടാശ്വാസ കമ്മീഷന്‍ അവാര്‍ഡ് പ്രഖ്യാപിച്ച കേസുകളില്‍ സര്‍ക്കാര്‍ വിഹിതം യഥാസമയം അനുവദിക്കാത്തതുമൂലം കര്‍ഷകരുടെ പണയാധാരം ധനകാര്യ സ്ഥാപനങ്ങളില്‍ നിന്ന് വിട്ടുനല്‍കുന്നില്ലായെന്നതും അവാര്‍ഡ് പ്രഖ്യാപിച്ച തീയതി മുതലുള്ള പലിശയും പിഴ പലിശയും സര്‍ക്കാരിന്റെ വിഹിതം ലഭിക്കുന്നതുവരെയുള്ള കാലയളവുവരെ പ്രസ്തുത ബാങ്കുകള്‍ കണക്കാക്കി വരുന്നതായ സംഗതിയും ഗൗരവമായി കാണുന്നുണ്ടോ; എങ്കില്‍ ആയത് പരിഹരിക്കാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

കുട്ടനാടൻ പാക്കേജ്

5790 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ പാക്കേജിൻകീഴിൽ ഇതുവരെ നടന്ന പ്രവർത്തനങ്ങൾ ഓഡിറ്റിനു വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അപ്രകാരം ചെയ്യുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) വിവിധ വകുപ്പുകൾക്ക് കീഴിൽ നടപ്പാക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകവും കാര്യക്ഷമവുമാക്കുന്നതിന് വകുപ്പുകൾ തമ്മിലുള്ള ഏകോപനം അനിവാര്യമാണെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പ്രവർത്തനപരിപാടിയിൽ ഡോ. എം.എസ്. സ്വാമിനാഥന്റെ സാന്നിധ്യം ഉറപ്പുവരുത്തുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

## കുട്ടനാട് പാക്കേജിന്റെ പുതുക്കിയ എസ്റ്റിമേറ്റ്

5791 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് എന്ത് തുകയുടേതാണെന്ന് അറിയിക്കുമോ;

(ബി) പുതുക്കിയ എസ്റ്റിമേറ്റിന് സംസ്ഥാന ക്യാബിനറ്റ് ഭരണാനുമതി നൽകിയത് എന്നാണ്;

(സി) ഇതിൽ എന്ത് തുകയുടെ പദ്ധതിക്കാണ് കുട്ടനാട് പാക്കേജ് എന്ന പേരിൽ കേന്ദ്ര ഗവൺമെന്റ് ധനസഹായം നൽകുവാൻ അംഗീകാരം നൽകിയത്;

(ഡി) ഡോ. എം. എസ്. സ്വാമിനാഥൻ തയ്യാറാക്കിയ പാക്കേജിലെ ഏതെല്ലാം ഘടകങ്ങൾക്കാണ് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയതെന്നും ഓരോ ഘടകത്തിനും എന്ത് തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുകയിൽ എന്ത് തുക ഇതിനോടകം സംസ്ഥാനത്തിനു ലഭിച്ചു; എന്ത് തുക ചെലവഴിച്ചു;

(എഫ്) സംസ്ഥാന ഗവൺമെന്റ് കുട്ടനാട് പാക്കേജിനായി ഈ സാമ്പത്തിക വർഷം എന്ത് തുക നീക്കി വച്ചിട്ടുണ്ടെന്നും ഇതിനോടകം എന്ത് തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ് പ്രോസ്പ്പെരിറ്റി കൗൺസിൽ</u>

5792 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട പ്രോസ്പ്പെരിറ്റി കൗൺസിൽ ഏതു ഗവൺമെന്റ് ഉത്തരവു മുഖേനയാണ് രൂപീകരിച്ചതെന്നും അതിന്റെ ഘടന എന്തെന്നും കൗൺസിലിന്റെ ഉത്തരവാദിത്വങ്ങളെന്തെന്നും വ്യക്തമാക്കുമോ;

(ബി) പ്രോസ്പ്പെരിറ്റി കൗൺസിൽ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും ഓരോ യോഗത്തിലും എടുത്ത തീരുമാനങ്ങൾ എന്തെന്നും അറിയിക്കുമോ;

(സി) പാക്കേജിന്റെ അടിസ്ഥാന മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് പ്രോസ്പെരിറ്റി കൗൺസിലിനു തീരുമാനങ്ങൾ എടുക്കുവാൻ അധികാരം നൽകിയിട്ടുണ്ടോയെന്നും അത്തരത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോയെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ് - പ്രോജക്ട് രേഖകൾ</u>

5793 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് ഭരണാനുമതി നൽകിയതും കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചതുമായ പ്രോജക്ട് രേഖകൾ മുഴുവൻ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

**തരിശിട്ടിരിക്കുന്ന കൃഷിഭൂമി**

5794 ഡോ. ടി.എം. തോമസ് ഐസക്ക്
ശ്രീ. ബാബു എം. പാലിശ്ശേരി
,, എ.എം. ആരിഫ്
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരിശിട്ടിരിക്കുന്ന കൃഷിഭൂമിയുടെ അളവ് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധമായ വസ്തുതകൾ വെളിപ്പെടുത്തുമോ; ഇത് വിശദമായ പഠനത്തിന് വിധേയമാക്കാമോ;

(ബി) കൃഷി ആദായകരമല്ലാത്തതും ചെറുകിട കാർഷികോല്പാദന സമ്പ്രദായം നേരിടുന്ന കടുത്ത പ്രതിസന്ധിയും ബാങ്ക് വായ്പ ലഭ്യമല്ലാത്തതുമാണിതിന്റെ പ്രമുഖ കാരണങ്ങൾ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് നടപ്പാക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം കോര്‍പ്പറേനിലെ കൃഷി അസിസ്റ്റന്റുമാരുടെ നിയമനം</u>

5795 ശ്രീ. കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലും, വീടുകളിലും തരിശുപ്രദേശങ്ങളിലും കൃഷി വ്യാപക മാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഇവിടങ്ങളില്‍ ഉണ്ടാകുന്ന ജൈവമാലിന്യങ്ങള്‍ സംസ്ക്കരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദവിവരങ്ങള്‍ നല്‍കാമോ;

(ബി) തിരുവനന്തപുരം കോര്‍പ്പറേഷനില്‍ കാര്‍ഷിക പ്രവര്‍ത്തനങ്ങള്‍ക്കായി കൃഷി വകുപ്പ് സിറ്റി കൃഷി ഭവന്‍ കേന്ദ്രീകരിച്ച് എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് നടത്തുന്നത്; ഇതിലേയ്ക്കായി ഉദ്യോഗസ്ഥരെ എങ്ങനെയാണ് നിയമിച്ചിരിക്കുന്നത്; വാര്‍ഡ് തിരിച്ചുള്ള വിവരങ്ങള്‍ വ്യക്തമാക്കാമോ;

(സി) കാര്‍ഷിക പ്രവൃത്തികള്‍ക്കും ജൈവവള സംസ്ക്കരണത്തിനും തിരുവനന്തപുരം കോര്‍പ്പറേഷനില്‍ ഒരു വാര്‍ഡിന് ശരാശരി എത്ര ഉദ്യോഗസ്ഥരാണുള്ളത്;

(ഡി) ഒരു വാര്‍ഡിന് ഒരു കൃഷി അസിസ്റ്റന്റ് എന്ന അനുപാതം വേണമെന്നിരിക്കെ തിരുവനന്തപുരം കോര്‍പ്പറേഷനിലെ അന്‍പത്തിയേഴ് വാര്‍ഡുകളില്‍ കാര്‍ഷിക പ്രവൃത്തികള്‍ ഏകോപിപ്പിക്കുന്നതിനായി ഒരു ഫീല്‍ഡ് ഓഫീസറും ഒരു കൃഷി അസിസ്റ്റന്റും മാത്രമേയുള്ളൂ എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കില്‍ ഇതിനു പരിഹാരമായി കൂടുതല്‍ കൃഷി അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ</u>

5796 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, ആർ. രാജേഷ്
,, ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിചെയ്തുകൊണ്ടിരിക്കുന്ന ഭൂമിയിൽ കൃഷി തുടർന്നുകൊണ്ടുപോകാൻ കഴിയാത്ത കൃഷിക്കാരന്റെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അവസ്ഥയിൽ നിന്ന് കൃഷിക്കാരെ സംരക്ഷിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) രാസവളങ്ങളുടെ വിലവർദ്ധന, ദൗർലഭ്യം, കൂടിയ പലിശ, കടക്കെണി തുടങ്ങി കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധ്യമാകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>യുവകര്‍ഷകര്‍ക്ക് പുതിയ പദ്ധതികള്‍</u>

5797 ശ്രീ. ജി.എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖലയില്‍ പണിയെടുക്കുന്ന യുവജനങ്ങള്‍ക്ക് വേണ്ടി പുതിയ ഏതെങ്കിലും പദ്ധതികള്‍ നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കില്‍ വിശദാംശം അറിയിക്കുമോ ;

(ബി) കൃഷി വകുപ്പില്‍ ഇപ്പോള്‍ നിലവിലുള്ള ഒരു ലക്ഷം യുവജനങ്ങള്‍ക്ക് തൊഴില്‍ദാന പദ്ധതി എന്ന പരിപാടിയില്‍ എന്തൊക്കെ സഹായങ്ങളാണ് യുവകര്‍ഷകര്‍ക്ക് നല്‍കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിച്ച ശേഷം ഏതെങ്കിലും യുവകര്‍ഷകര്‍ക്ക് ആനുകൂല്യം നല്‍കിയിട്ടുണ്ടോ ; എങ്കില്‍ എത്ര പേര്‍ക്ക് പെന്‍ഷന്‍ ഉള്‍പ്പെടെ എന്തൊക്കെ ആനുകൂല്യങ്ങള്‍ നല്‍കിയെന്ന് അറിയിക്കുമോ ;

(ഡി) ഈ പദ്ധതി പ്രകാരം എത്ര കോടി രൂപയാണ് തൊഴില്‍ രഹിതരായ യുവകര്‍ഷകരില്‍ നിന്നും സര്‍ക്കാര്‍ വാങ്ങിയിട്ടുള്ളത് ;

(ഇ) ആയതിനനുസൃതമായി പദ്ധതികള്‍ ആവിഷ്ക്കരിക്കുവാനോ, യുവ കര്‍ഷകരെ സഹായിക്കുവാനോ സര്‍ക്കാരിന് കഴിഞ്ഞിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കില്‍ പ്രസ്തുത പ്രശ്നം പരിഹരിച്ച് കൂടുതല്‍ സഹായം യുവ കര്‍ഷകര്‍ക്ക് നല്‍കുവാന്‍ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>ആദായമുള്ള പട്ടയ റവന്യൂ കൃഷിഭൂമികൾ</u>

5798 ശ്രീ. പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദായമുള്ള പട്ടയ റവന്യൂ കൃഷി ഭൂമികൾ സ്കൂൾ, ആശുപത്രികൾ, ഫ്ളാറ്റുകൾ എന്നിവയ്ക്കു ഉപയോഗിക്കുന്നതിന് തടസ്സമായി എന്തെങ്കിലും നിയമം നിലവിലുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കൃഷി നാശം സംഭവിച്ചതും, സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ പട്ടയ കൃഷി ഭൂമിയെ പ്രസ്തുത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിൽ എന്തെങ്കിലും നിയമ തടസ്സമുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ഏലത്തിന്റെയും തേയില കൊളുന്തിന്റെയും വിലയിടിവ്</u>

5799 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പ്രധാന കൃഷിയായ ഏലത്തിന്റെയും തേയില കൊളുന്തിന്റെയും വില ക്രമാതീതാമായി ഇടിഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിലയിടിവ് തടയുന്നതിന് അടിയന്തിരമായി എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇവയുടെ തറവില നിശ്ചയിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇടുക്കി പാക്കേജിൽ ഏലം വിലയിടിവ് തടയുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടോ ;

(ഇ) എങ്കിൽ ആ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) അടിയന്തിരമായി പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>തോട്ടവിളകൃഷി</u>

5800 ശ്രീ. പി.കെ. ഗുരുദാസൻ
,, കെ.കെ. ജയചന്ദ്രൻ
,, കെ.വി. വിജയദാസ്
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടവിള കൃഷികളും കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ തോട്ടവിളകൾ ഓരോന്നിന്റെയും കൃഷിഭൂമി വിസ്തൃതി എത്രയാണെന്നും 2001 നെ അപേക്ഷിച്ച് ഇവയുടെ കൃഷിഭൂമി വിസ്തൃതി എത്ര കൂടിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) തോട്ടവിളകളുടെ ഉൽപാദനത്തിലും, ഉൽപാദനക്ഷമതയിലും വർദ്ധനയുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>നിരോധിച്ചിട്ടുള്ള കീടനാശിനികളുടെ ലിസ്റ്റ്</u>

5801 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ കീടനാശിനിയും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന കമ്പനികളുടെ പേരും സ്ഥലവും വ്യക്തമാക്കുമോ;

(ബി) ഇതിൽ കേരളത്തിനുള്ളിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നിരോധിക്കപ്പെട്ട കീടനാശിനികളുടെ ഉത്പാദനവിതരണ ഉപയോഗശൃംഖല തകർക്കുന്നതിനുവേണ്ടി സർക്കാർ എന്തെല്ലാം നിയമനടപടികൾ ഇതുവരെ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിരോധിച്ചിട്ടുള്ള കീടനാശിനികളുടെ ഉപയോഗം പരിപൂർണ്ണമായി അവസാനിപ്പിക്കുന്നതിന് ഇവവിൽക്കുന്ന വിൽപന ശാലകളിൽ റെയ്ഡ് നടത്തി കീടനാശിനികൾ പിടിച്ചെടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ എവിടെയൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ചക്കിട്ട പഞ്ചായത്തിലെ എൻഡോസൾഫാൻ ദുരിതബാധിതർ</u>

5802 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചക്കിട്ട പഞ്ചായത്തിലെ പ്ലാന്റേഷൻ കോർപ്പറേഷൻ വക തോട്ടങ്ങളിലോ മറ്റു സ്വകാര്യ തോട്ടങ്ങളിലോ എൻഡോസൾഫാൻ തളിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എപ്പോഴാണ് തളിച്ചതെന്നും കീടനാശിനിയുടെ അളവും എവിടെയെല്ലാം തളിച്ചു എന്നും വെളിപ്പെടുത്താമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും അപേക്ഷയോ നിവേദനമോ ലഭിച്ചിട്ടുണ്ടോ എന്നും ആയതിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ;

(ഡി) എൻഡോസൾഫാൻ തളിച്ചതുമൂലം ഈ പ്രദേശങ്ങളിലുള്ളവർക്ക് ജനിതക വൈകല്യം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് സംഭവിച്ചു എന്നും അവരുടെ പേരും മേൽവിലാസവും വെളിപ്പെടുത്തുമോ;

(ഇ) ഇത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ;

(എഫ്) എൻഡോസൾഫാൻ തളിച്ചതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി അറിയാമോ; എങ്കിൽ റിപ്പോർട്ടിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ജി) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കൃഷിയിടത്തിലെ വർദ്ധനവ്</u>

5803 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എവിടെയെല്ലാം എത്ര ഹെക്ടർ സ്ഥലത്ത് കൂടുതലായി കൃഷി ചെയ്തിട്ടുണ്ട് ;

(ബി) ഇവിടെ ഏതൊക്കെ കൃഷിയാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ആരോഗ്യത്തിന് ഭീഷണിയില്ലാത്ത ഗുണനിലവാരമുള്ള പച്ചക്കറികൾ

5804 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല മേഖലയിൽ പച്ചക്കറികൾ വളരെയേറെ ഉത്പാദിപ്പിക്കപ്പെടുന്നുവെങ്കിലും ഉത്പാദനം സീസണൽ ആയതിനാൽ ന്യായമായ വില ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ ചേർത്തല മേഖലയിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നതിനും ന്യായവില ലഭിക്കുവാൻ പറ്റുന്ന വിപണികൾ ഒരുക്കുവാനും കൃഷിവകുപ്പ് മുൻകൈ എടുക്കുമോ;

(ബി) ഗുണനിലവാരമുള്ള പച്ചക്കറികൾ വ്യാപകമായി ഉത്പാദിപ്പിക്കുവാനും പൊതുജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ നെല്ലുൽപ്പാദനം</u>

5805 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും നെല്ലു സംഭരിച്ചവകയിലുള്ള മുഴുവൻ തുകയും കർഷകർക്ക് നൽകിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷകരിൽ നിന്നും നെല്ലു സംഭരിച്ചിട്ടുണ്ടോ ; എങ്കിൽ കിലോയ്ക്ക് എത്ര രൂപ വച്ച് നൽകിയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

നെല്‍കൃഷി വ്യാപിപ്പിക്കുന്നതിന് അനുവദിച്ച തുക

5806 ശ്രീ.എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നെല്‍കൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കില്‍ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) നെല്‍കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളും ധനസഹായങ്ങളുമാണ് സര്‍ക്കാര്‍ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കരനെൽകൃഷി വ്യാപകമാക്കാൻ എന്തെല്ലാം നടപടി</u>

5807 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിന് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദമാക്കാമോ; തരിശുകിടക്കുന്ന കൃഷിയിടങ്ങളിൽ കൃഷിയിറക്കുന്നവർക്ക് നൽകുന്ന സാമ്പത്തികസഹായം നിലവിൽ നഷ്ടം സഹിച്ചും സ്ഥിരമായി കൃഷി ചെയ്യുന്ന കർഷകർക്ക് നൽകാനും ഇവരുടെ കൃഷി മെച്ചപ്പെടുത്താനും സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) കരനെൽകൃഷി വളരെ ആദയകരമാണെന്ന് കണ്ടിരിക്കുന്ന സാഹ ചര്യത്തിൽ കരനെൽകൃഷി കൂടുതൽ വ്യാപകമാക്കാൻ എന്തെല്ലാം നടപടികൾ കൈകൊള്ളുമെന്നു പറയാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>നെൽകൃഷി</u>

5808 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലുൾപ്പെട്ട പഞ്ചായത്തുകളിലുദ്പാദിപ്പിക്കുന്ന നെല്ല് ഏറ്റെടുക്കാൻ കൃഷി വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഏത് ഏജൻസിയ്ക്കാണ് ഇതിന്റെ ചുമതല നല്കിയിരിക്കുന്നത് ; വ്യക്തമാക്കുമോ ;

(ബി) നെൽകൃഷി നടത്തുന്ന കർഷകർക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങാൻ സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; വിശദമാക്കുമോ ;

(സി) കർഷകർക്ക് എന്തെല്ലാം പെൻഷൻ പദ്ധതികളാണ് നിലവിലുള്ളത് ; ഓരോ വിഭാഗത്തിനും എത്ര രൂപവീതമാണ് പെൻഷൻ തുക ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കൃഷി ചെയ്യാവുന്ന തരിശ്ഭൂമി കൃഷിയുക്തമാക്കുന്നതിന് നടപടി</u>

5809 ശ്രീ. എം. വി. ശ്രേയാംസ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ പദ്ധതി നടപ്പാക്കിയതു മൂലം നെല്‍കൃഷിയുടെ വിസ്തൃതിയിലും ഉല്‍പാദനത്തിലും പുരോഗതിയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) സംസ്ഥാനത്ത് കൃഷി ചെയ്യാവുന്ന തരിശ്ഭൂമി കൃഷിയുക്തമാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നെല്ലുല്‍പാദനം പ്രോത്സാഹിപ്പിക്കുതിനായി എന്തെങ്കിലും കര്‍മ്മ പരിപാടി നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ</u>

5810 ശ്രീ. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിഭവൻ മുഖേന പൊതുജന പങ്കാളിത്തത്തോടെ നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിനായി നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ മേഖലയിൽ പ്രാവിണ്യം തെളിയിച്ചവർക്ക് നിലവിൽ എന്തെല്ലാം അംഗീകാരങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

നടുവണ്ണൂർ - കുനിയിൽ താഴെ പാടശേഖരം

5811 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ - കുനിയിൽ താഴെ പാടശേഖരത്തിൽ ജലനിയന്ത്രണ സംവിധാനമില്ലാത്തതും മറ്റ് പ്രതികൂല സാഹചര്യങ്ങളും നിമിത്തം ഉല്പാദനം തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിനും ഉല്പാദനവർദ്ധനവിനും വേണ്ടി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ പരിപാടികൾ വിശദമാക്കാമോ;

(ബി) ഇവ അതിവേഗം നടപ്പിലാക്കുന്നതിനുളള നടപടികൾ സ്വീകരിക്കാമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>കർഷക പെൻഷൻ</u>

5812 ശ്രീ. ഇ.പി. ജയരാജൻ
,, സി.കെ. സദാശിവൻ
,, കെ.വി. അബ്ദുൾ ഖാദർ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സാംസ്കാരികകാര്യവും
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം കർഷകർക്കാണ് ഇപ്പോൾ പെൻഷൻ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ വിഭാഗം കർഷകർക്കും പെൻഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെന്നും നൽകിവരുന്ന പെൻഷൻ തുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) 2011-12 പരിഷ്കരിച്ച ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഏത് വിഭാഗം കർഷകർക്കാണ് പെൻഷൻ ലഭിക്കുക എന്നും, ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കിസാൻ അഭിമാൻ പദ്ധതി</u>

5813 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, ഇ ചന്ദ്രശേഖരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിസാൻ അഭിമാൻ പദ്ധതിക്കു കീഴിൽ എത്ര നെൽ കർഷകർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നുണ്ട്;

(ബി) ചെറുകിട നാമമാത്ര കർഷകർക്ക് ഇതേ രീതിയിൽ പെൻഷൻ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇവർക്ക് പെൻഷൻ നൽകാനുദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് എല്ലാ കർഷകർക്കും പെൻഷൻ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്ന കർഷകരുടെ എണ്ണം എത്ര വരുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) കർഷക പെൻഷൻ ലഭിക്കുന്നതിന് എന്തെങ്കിലും പൊതു മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എല്ലാ കർഷകർക്കും പെൻഷൻ എന്നു മുതൽ നൽകിത്തുടങ്ങാനാണ് സർക്കാർ തീരുമാനിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>തെങ്ങിന്റെ ചങ്ങാതികൂട്ടം</u>

5814 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങ്കയറ്റക്കാരുടെ ദൗർലഭ്യം നിമിത്തം നാളികേര കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനു പരിഹാരമായി ആധുനികരീതിയിൽ തെങ്ങുകയറ്റ പരിശീലനം നൽകി തെങ്ങിന്റെ ചങ്ങാതികൂട്ടം പരിശീലിപ്പിച്ചെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഈ രംഗത്ത് പരിശീലനം നൽകുക ഉണ്ടായോ; എങ്കിൽ എത്ര പേർ ഇതിനകം പരിശീലിനം പൂർത്തിയാക്കി:

(ഡി) ഇപ്പോൾ പരിശീലനം നൽകി വരുന്നുണ്ടോ; എങ്കിൽ എത്ര പേർക്കെന്ന് വ്യക്തമാക്കുമോ;

(ഇ) ഏതു സ്ഥാപനം വഴിയാണ് പരിശീലനം നൽകുന്നത്; പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ നൽകുമോ;

(എഫ്) പരിശീലനം പൂർത്തികരിച്ചവർക്ക് ലഭിക്കുന്ന ഫീസ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ജി) തെങ്ങുകയറ്റയന്ത്രം ഏത് ഏജൻസിവഴിയാണ് വിതരണം ചെയ്യുന്നത് ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

നാളികേര വികസനം ലക്ഷ്യമിട്ടുള്ള പദ്ധതികളുടെ പുരോഗതി

5815 ശ്രീ. കെ. എം. ഷാജി
,, എൻ. എ. നെല്ലിക്കുന്ന്
,, കെ. എൻ. എ. ഖാദർ
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര വികസനം ലക്ഷ്യമിട്ടുള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ;

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലം നാളികേര വികസന പദ്ധതി പ്രകാരം ഏതൊക്കെ പ്രോജക്ടുകൾ ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ട്;

(സി) സംയോജിത കൃഷിയുടെ പ്രദർശന പ്ലോട്ടുകൾ വികസിപ്പിക്കുന്നതിന് നടപ്പുവർഷത്തെ ലക്ഷ്യമെന്താണെന്ന് വിശദമാക്കുമോ; പ്ലോട്ടുകൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

നാളികേരോത്പന്നങ്ങൾക്ക് 'അഗ്മാർക്ക് ഗ്രേഡ്'

5816 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര കൃഷിക്കും നാളികേര ഉത്പന്നങ്ങളുടെ ഉത്പാദനത്തിനുമായി എന്തു തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നാളികേരോത്പന്നങ്ങൾക്ക് 'അഗ്മാർക്ക് ഗ്രേഡ്' ചെയ്തിട്ടുള്ളതുമൂലം വിപണന സാധ്യത മെച്ചപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) 'അഗ്മാർക്ക് ക്വാളിറ്റി' മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയാമോ;

(ഡി) ഈ സാമ്പത്തിക വർഷം അഗ്മാർക്ക് ഗ്രേഡിംഗിന് എത്ര വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ പാക്കേജ്</u>

5817 ശ്രീ. സണ്ണി ജോസഫ്
'' ഷാഫി പറമ്പിൽ
'' തേറമ്പിൽ രാമകൃഷ്ണൻ
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ പാക്കേജ് നടപ്പാക്കുന്നതിന് നേതൃത്വം നൽകാൻ കൃഷിമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സമിതി രൂപീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സമിതിയിൽ എത്ര അംഗങ്ങൾ ഉണ്ടാകും;

(സി) സമിതിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

## കര്‍ഷകര്‍ക്ക് സബ്സിഡി

5818

ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയില്‍
,, മാത്യൂ റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ അഞ്ചു വര്‍ഷക്കാലത്തിനുള്ളില്‍ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി നെല്ല്, തെങ്ങ്, വാഴ എന്നിവയുടെ കൃഷിയില്‍ ഏര്‍പ്പെട്ടിരിക്കുന്ന കര്‍ഷകര്‍ക്ക് സബ്സിഡി നല്‍കിയിട്ടുണ്ടോ;

(ബി) എങ്കില്‍ അത് സംബന്ധിച്ച വിശദാംശങ്ങള്‍ ജില്ല, താലൂക്ക്, വില്ലേജ് തിരിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

ബാങ്ക് അക്കൗണ്ടുകൾ വഴി സബ്സിഡി വിതരണം

5819 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്കുള്ള സബ്സിഡി തുക നേരിട്ട് ബാങ്ക് അക്കൗണ്ടുകളിൽ എത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം നേരിട്ട് ബാങ്കുകൾ വഴി സബ്സിഡി തുക വിതരണം ചെയ്യുമ്പോൾ ചെറുകിട-നാമമാത്ര കർഷകർക്ക് ലഭിച്ചു വരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന് കരുതുന്നുണ്ടോ;

(സി) നിലവിൽ സബ്സിഡി വിതരണം നടത്തുന്നതിന്റെ നടപടിക്രമം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

പച്ചക്കറി - വിപണനത്തിന് സംവിധാനം

5820 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഇനങ്ങളുടെ വിപണനത്തിന് വൈപ്പിൻ മണ്ഡലത്തിൽ വകുപ്പുതല സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

അഗ്രികള്‍ച്ചര്‍മെക്കനൈസേഷന്‍

5821 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന (ആര്‍.കെ.വി.വൈ) യുടെ 18.3.2011 ലെ എസ്. എല്‍.എസ്. സി.യുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രോജക്ടുകളുടെ നിര്‍വ്വഹണം നടക്കുന്നുണ്ടോയെന്നറിയിക്കാമോ ;

(ബി) ഇല്ലെങ്കില്‍ അഗ്രികള്‍ച്ചറല്‍ മെക്കനൈസേഷനുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് ഏറ്റെടുത്തുനടത്തേണ്ട പദ്ധതി 6 മാസം കഴിഞ്ഞിട്ടും ഏറ്റെടുത്തിട്ടില്ലായെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കില്‍ ഗുണനിലവാരമുള്ള ജൈവവളം കര്‍ഷകര്‍ക്ക് ലഭിക്കുന്നതിനും അഗ്രിക്കള്‍ച്ചറല്‍മെക്കനൈസേഷനെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഈ പദ്ധതി സമയ ബന്ധിതമായി നടപ്പാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കിസാൻ പഞ്ചായത്ത്</u>

5822 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കിസാൻ പഞ്ചായത്ത് എന്ന പേരിൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഈ പദ്ധതി എന്ന് പ്രാവർത്തികമാക്കുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>തരിശുഭൂമി ഉപയോഗപ്പെടുത്താൻ നടപടി</u>

5823 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി ഭവൻ മുഖേന കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ചു കൊണ്ട് തരിശുഭൂമി ഉപയോഗപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതു പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

കൃഷിനാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം

5824 ശ്രീ.ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ ഈ കഴിഞ്ഞ വർഷകാലത്ത് ഉണ്ടായ വ്യാപകമായ കൃഷിനാശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കൃഷിനാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; ഈ നഷ്ടപരിഹാരം എന്ന് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>വെച്ചൂർ മോഡേൺ റൈസ് മിൽ</u>

5825 ശ്രീ.കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കത്തെ വെച്ചൂർ മോഡേൺ റൈസ് മില്ലിന്റെ ഉത്ഘാടനം നടന്നുവെങ്കിലും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിയ്ക്കുമോ ;

(സി) ഈ മിൽ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ എത്ര ടൺ നെല്ല് ഇവിടെ സംസ്കരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ മില്ലിന്റെ പ്രവർത്തനത്തിന് ആവശ്യമായ മുഴുവൻ നെല്ലും ലഭ്യമാക്കാൻ കഴിയുമോയെന്നും മില്ലിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ നിയന്ത്രണത്തിലുള്ള പുതിയ റൈസ് മില്ലുകള്‍ ആരംഭിക്കാന്‍ നടപടി</u>

5826 ശ്രീ. സി. ദിവാകരന്‍
'' ഇ.കെ. വിജയന്‍
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ ഗവണ്‍മെന്റിന്റെ കാലത്ത് സംസ്ഥാനത്ത് ആരംഭിച്ച ആലത്തൂര്‍, വെച്ചൂര്‍ റൈസ് മില്ലുകള്‍ പൂര്‍ണ്ണതോതില്‍ ഇപ്പോള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ;

(ബി) ഈ മില്ലുകളില്‍ ഉല്പാദിപ്പിക്കുന്ന അരിയ്ക്ക് പുതിയ ബ്രാന്‍ഡ് പേര് നല്‍കാന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാന സര്‍ക്കാരോ, സര്‍ക്കാര്‍ നിയന്ത്രിക്കുന്ന മറ്റ് ഏജന്‍സികളോ പുതിയ റൈസ് മില്ലുകള്‍ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

<u>കര്‍ഷകരുടെ വൈദ്യുതി കണക്ഷന്‍</u>

5827

ശ്രീ. റ്റി. യു. കുരുവിള
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

യഥാസമയം വൈദ്യുതി ചാര്‍ജ്ജ് അടയ്ക്കാന്‍ കഴിയാത്തതിനാല്‍ കര്‍ഷകര്‍ക്ക് നല്‍കിവരുന്ന വൈദ്യുതി കണക്ഷന്‍ വിച്ഛേദിക്കപ്പെടുന്നതു കാരണം ബുദ്ധിമുട്ടനുഭവിക്കുന്ന തായി പറയപ്പെടുന്ന കര്‍ഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികള്‍ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ജൈവവള ഉത്പാദനം</u>

5828 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾക്ക് ജൈവവള ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഫാക്ടിന്റെ സഹകരണത്തോടെ ജൈവവള ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ഫാക്ടിന്റെ സഹകരണത്തോടെ എവിടെയൊക്കെയാണ് ജൈവവള നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്;

(സി) തദ്ദേശസ്വയംരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ജൈവവള ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ;

(ഡി) ഇപ്രകാരം ഉത്പാദിപ്പിക്കുന്ന ജൈവവളം പഞ്ചായത്തുകൾ തോറും കൃഷി ഓഫീസുകൾ മുഖേന വിതരണം ചെയ്യുന്നതിന് നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ജൈവകൃഷി</u>

5829 ശ്രീ. പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി വ്യാപകമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;

(ബി) ജൈവകൃഷി വ്യാപകമാക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കുമോ;

(സി) ജൈവ കൃഷിയുടെ മേന്മകൾ പ്രചരിപ്പിക്കുന്നതിന് കൃഷിഭവനുകൾ കേന്ദ്രീകരിച്ച് വിപുലമായ പ്രചാരണ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>രാസവളസബ്സിഡി</u>

5830 ശ്രീ.ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് രാസവളസബ്സിഡി അനുവദിക്കുന്നതായി അറിയാമോ ;

(ബി) ഏതെല്ലാം വളങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടെന്നും അവ എത്ര ശതമാനം വീതമാണെന്നും അറിയാമോ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) രാസവളസബ്സിഡി ഒഴിവാക്കണമെന്ന നിർദ്ദേശം ആസൂത്രണ ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി അറിയാമോ ;

(ഡി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>വീട്ടിൽ ഒരു മാവ് പദ്ധതി</u>

5831 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീട്ടിൽ ഒരു മാവ് പദ്ധതി പ്രകാരം എത്ര മാവിൻ തൈകൾ സംസ്ഥാനമൊട്ടാകെ വിതരണം ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) ഇത്തരത്തിൽ കൂടുതൽ ഫലവൃക്ഷങ്ങൾ ലഭ്യമാക്കാൻ ആലോചനയുണ്ടോ;

(സി) വിതരണം ചെയ്യുന്ന തൈകൾ മികച്ച ഗുണനിലവാരമുള്ളവയാണെന്ന് ഉറപ്പുവരുത്തുമോ;

(ഡി) എത്ര വർഷംകൊണ്ട് കായ്ക്കുന്ന മാവിൻതൈകളാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>മാമ്പഴ സംസ്കരണ യൂണിറ്റ്</u>

5832 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ മാമ്പഴകൃഷി നടത്തുന്നതായും ഇവിടെ ഉത്പാദിപ്പിക്കുന്ന മാമ്പഴം വിദേശരാജ്യങ്ങളിൽ ഉൾപ്പെടെ കയറ്റി അയക്കുന്നുണ്ടെന്നുമുളള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാമ്പഴം സംസ്കരിച്ച് ആവശ്യാർത്ഥം വിതരണം നടത്താൻ കഴിയുന്നില്ല എന്നതാണ് മാമ്പഴകർഷകരുടെ പ്രധാന പ്രശ്നം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് മുതലമട പഞ്ചായത്തിൽ ഒരു മാമ്പഴ സംസ്കരണ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>മണ്ണാർക്കാട് കൃഷിഭവനുകളിലെ ഒഴിവുകൾ</u>

5833 ശ്രീ.എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട വിവിധ കൃഷിഭവനുകളിലെ ഉദ്യോഗസ്ഥരുടെ ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ കൃഷിഭവനുകളിലും എത്ര കൃഷി ഓഫീസർമാരുടേയും എത്ര കൃഷി അസിസ്റ്റന്റുമാരുടേയും ഒഴിവുകളാണ് നിലവിലുള്ളത്:

(സി) ഒഴിവുകൾ നികത്തുവാൻ ഉടൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

കൃഷി ഭവനുകളുടെ വികസനം

5834 ശ്രീ. ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനമാതൃകയിൽ കൃഷിഭവനുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) കാർഷിക വികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(സി) പഞ്ചായത്തുകളിലെപോലെ കർഷകർക്കുള്ള വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് കൃഷിഭവനുകളെ സജ്ജമാക്കുമോ;

(ഡി) ജനങ്ങൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് നേതൃത്വം നൽകാൻ കഴിയുന്ന രീതിയിൽ കൃഷിഭവനുകളെ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളിലെ ഒഴിവുകൾ</u>

5835 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കൃഷിഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ എത്ര തസ്തികകൾ ആണുള്ളത് ;

(ബി) ഓരോ കൃഷിഭവനുകളിലും എത്ര കൃഷി അസിസ്റ്റന്റുമാർ ആണ് നിലവിലുള്ളത് ;

(സി) മണ്ഡലത്തിലെ മിക്ക കൃഷിഭവനുകളിലും കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ്</u>

5836 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ കൃഷി അസിസ്റ്റന്റുമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് അറിയിക്കുമോ; പ്രസ്തുത തസ്തികകൾ നികത്തുന്നതിലേക്ക് പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത കാറ്റഗറിയിൽപ്പെട്ട ജീവനക്കാരുടെ കുറ്റമറ്റ സീനിയോറിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണ്; ലിസ്റ്റിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) കുറ്റമറ്റ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലെങ്കിൽ അത് എന്ന് തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കൃഷി ആഫീസർമാരുടെ ഒഴിവുകൾ</u>

5837 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കൃഷി ഭവനുകളിൽ എത്ര കൃഷി ആഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൃഷി ഭവനുകളിലെവിടെയെങ്കിലും പൂർണസമയ കൃഷി ആഫീസർമാരില്ലെങ്കിൽ വിവരം വെളിപ്പെടുത്തുമോ;

(സി) ഒഴിവുകളുള്ള പക്ഷം ആയത് നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കൃഷിഓഫീസര്‍ ഗ്രേഡ് II തസ്തികയിലേക്ക് പി.എസ്.സിയുടെ എഴുത്തുപരീക്ഷ</u>

5838 ശ്രീ.കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷി അസിസ്റ്റന്റുമാര്‍ക്ക് കൃഷി ഓഫീസര്‍ ഗ്രേഡ് II തസ്തികയിലേക്ക് പ്രമോഷന്‍ ലഭിക്കുന്നതിന് പി.എസ്.സിയുടെ 12.08.2011-ലെ വിജ്ഞാപനപ്രകാരം നടത്താന്‍ പോകുന്ന എഴുത്തുപരീക്ഷയ്ക്ക് കൃഷി വകുപ്പില്‍ നിന്നും എത്ര കൃഷി അസിസ്റ്റന്റുമാര്‍ വകുപ്പിന്റെ അനുമതിയോടെ അപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരീക്ഷയ്ക്ക് വേണ്ട അടിസ്ഥാനയോഗ്യത സര്‍വ്വീസ് കാലയളവ് പൂര്‍ത്തിയാക്കിയതായി കണക്കാക്കുന്നതിന് ആരെങ്കിലും റഗുലര്‍ സര്‍വ്വീസും എംപ്ലോയ്മെന്റ് സര്‍വ്വീസും കുടിചേര്‍ത്ത് അപേക്ഷ സമര്‍പ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കില്‍ അവരുടെ ഓഫീസ് മേല്‍വിലാസം സഹിതമുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) 30-9-1994 ന് ശേഷം റഗുലര്‍ നിയമനം ലഭിച്ചവരുടെ മുന്‍ എംപ്ലോയ്മെന്റ് സര്‍വ്വീസ് പ്രൊമോഷനുള്ള യോഗ്യത കാലയളവ് അല്ല എന്ന സര്‍വ്വീസ് ചട്ടം നിലവിലിരിക്കെ ഇത് ലംഘിച്ച് കൃഷി അസിസ്റ്റന്റുമാരുടെ അപേക്ഷ ശുപാര്‍ശ ചെയ്ത മേലുദ്യോഗസ്ഥരുടെ ലിസ്റ്റ്, ഓഫീസ് മേല്‍വിലാസം സഹിതം ലഭ്യമാക്കുമോ?

,

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

മംഗൽപാടി പഞ്ചായത്ത് സ്വർണ്ണഗിരി തോടിനു കുറുകെ
വി. സി. ബി. നിർമ്മാണം

5839 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ മംഗൽപാടി പഞ്ചായത്ത് സ്വർണ്ണഗിരി തോടിനു കുറുകെ ഒരു വി. സി. ബി. നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദമാക്കാമോ;

(സി) ഈ പദ്ധതി ആർ. ഐ. ഡി. എഫ്. -ൽ ഉൾപ്പെടുത്തി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷന് സെക്ടറൽ അലോക്കേഷൻ നൽകുമോ;

(ഡി) എത്രയും വേഗം ഇത് ഏറ്റെടുത്തു നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ഒഴിവുള്ള തസ്തികകളിൽ സ്ഥിരം നിയമനം</u>

5840 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണ് സംരക്ഷണ വകുപ്പിൽ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ വിഭാഗങ്ങളിൽ എത്ര തസ്തികകൾ നിലവിലുണ്ടെന്നും അവരിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്നും വ്യക്തമാക്കുമോ;

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വാട്ടർ ഷെഡ്</u>

5841 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വെട്ടിക്കവല, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ വാട്ടർ ഷെഡ് പദ്ധതി നടന്നുവരുന്നു;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(സി) ഓരോ പദ്ധതിയുടേയും അടങ്കൽ തുകയും നിർമ്മാണത്തിന്റെ പുരോഗതിയും വിശദമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>വെറ്ററിനറി സർവ്വകാലാശാല</u>

5842 ശ്രീ.പി.എ.മാധവൻ
,, ബെന്നി ബെഹനാൻ
,, എം.എ.വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാല എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഏതൊക്കെ രീതിയിലുള്ള സാമ്പത്തിക സഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത് ;

(സി) ത്രിതല പഞ്ചായത്തുകളുമായും മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായും ചേർന്ന് വിവിധ കോഴ്സുകൾ ആരംഭിക്കുമോ ;

(ഡി) പ്രസ്തുത സർവ്വകലാശാലയുടെ സ്റ്റഡി സെന്ററുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പദ്ധതികൾ</u>

5843 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി വിഭാഗത്തിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

മൃഗസംരക്ഷണ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ

5844 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത മേഖലയിൽ കേന്ദ്ര സഹായം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മൃഗസംരക്ഷണ മേഖലയ്ക്കുള്ള 2011-12 വർഷത്തെ പദ്ധതിവിഹിതം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

ഹലാൽ ചിക്കൻ

5845

ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പിന്റെ കീഴിലുള്ള 'കെപ്കോ' എന്ന സ്ഥാപനം കേരളത്തിൽ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സ്ഥാപനത്തിൽ കോഴികളെ കശാപ്പു ചെയ്യുന്നതിന് ഇപ്പോൾ എന്തു മാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) 'ഹലാൽ ചിക്കൻ വില്ക്കപ്പെടും' എന്ന ബോർഡ് സ്ഥാപിച്ചിട്ടുള്ള തിരുവനന്തപുരം കണ്ണിമേറ മാർക്കറ്റിനു സമീപമുള്ള 'കെപ്കോ' സ്ഥാപനത്തിൽ ഹലാലായി കശാപ്പു ചെയ്യുന്നതിന് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) കെപ്കോയുടെ എല്ലാ സ്ഥാപനങ്ങളിലും കോഴികളെയും മറ്റും ഹലാലായി മാത്രമേ കശാപ്പു ചെയ്യാവൂ എന്ന് നിർദ്ദേശം നൽകുമോ; ഇതിനാവശ്യമായവരെ നിയമിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

5846 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെപ്കോ) പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പൗൾട്രിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പുതിയ കോഴ്സുകൾ നടത്താനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ;

(സി) അന്താരാഷ്ട്ര വിപണി ലക്ഷ്യമാക്കി സംസ്ഥാനത്ത് ഒരു ഹൈടെക് മാംസോത്പാദന യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>മങ്കട മണ്ഡലത്തിലെ കോഴിഗ്രാമം പദ്ധതി</u>

5847 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം ജില്ലയിലെ എത്ര പഞ്ചായത്തുകളിലാണ് 'കോഴിഗ്രാമം' പദ്ധതി നടപ്പിലാക്കിയത് ;

(ബി) മങ്കട മണ്ഡലത്തിലെ 2 പഞ്ചായത്തുകളിലെങ്കിലും കോഴിഗ്രാമം പദ്ധതി നടപ്പിലാക്കാന്‍ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>'ഗ്രാമം നിറയെ കോഴി' പദ്ധതി</u>

5848 ശ്രീ. സി. ദിവാകരൻ
,, വി. ശശി
,, കെ. അജിത്
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൗൾട്രി വികസന കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ ഇപ്പോൾ എത്ര കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) പുതിയ കേന്ദ്രങ്ങളിൽ പ്രസ്തുത ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം;

(സി) ഗ്രാമം നിറയെ കോഴി പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിന് ഇപ്പോൾ ഉദ്ദേശമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

<u>മൃഗസംരക്ഷണ വകുപ്പിലെ ഒഴിവുകൾ</u>

5849 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ വിവിധ തസ്തികകളിൽ ആയി എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) തസ്തികകളും ഒഴിവുകളും ജില്ലതിരിച്ച് വിശദമാക്കാമോ ;

(സി) ഇതിൽ ഏതൊക്കെ ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>അച്ചടിവകുപ്പിൽ പരിഷ്ക്കാരങ്ങൾ</u>

5850 ശ്രീ. മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സാംസ്കാരികകാര്യവും
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അച്ചടിവകുപ്പിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങൾ എന്തെല്ലാമാണ് ;

(ബി) സർക്കാർ കലണ്ടർ, ഡയറികൾ മറ്റ് പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ രാഷ്ട്രീയ പാർട്ടികൾ, സംഘടനകൾ, വ്യക്തികൾ മുതലായവർക്ക് വിതരണം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ :

(സി) നിയമവിരുദ്ധമായി സർക്കാർ ഡയറിയും, കലണ്ടറും വിതരണം ചെയ്യുന്നതായുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ഡി) സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സിആപ്റ്റ് സംരക്ഷിക്കാൻ പദ്ധതി</u>

5851 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന സി.എ.പി.റ്റി. (ഇഅജഠ) നെ സംരക്ഷിക്കാൻ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ പ്രിന്റിംഗ് ജോലികൾ സർക്കാർ പ്രസ്സിനു പുറമേ (ഇഅജഠ) നെ ഏൽപ്പിക്കാൻ നിർദ്ദേശം നൽകുമോ;

(സി) പ്രിന്റിംഗ് സർക്കാർ പ്രസ്സുകളിൽ പ്രിന്റിംഗ് ജോലി പൂർത്തിയാക്കാൻ കഴിയാതെ വരുമ്പോൾ ശേഷിക്കുന്ന ജോലി ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് നൽകുന്നത്; പേര് സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

സർക്കാർ പ്രസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടി

5852 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സർക്കാർ പ്രസ്സുകളിലാണ് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത്;

(ബി) അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആവശ്യമായ പാഠപുസ്തകങ്ങളുടെ എത്ര ശതമാനം ആണ് സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുന്നത്;

(ഡി) ബാക്കിയുളളവ അച്ചടിക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്;

(ഇ) സ്വകാര്യ പ്രസ്സുകളെ പാഠപുസ്തകങ്ങളുടെ അച്ചടിക്കു വേണ്ടി തെരഞ്ഞെടുക്കുമ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ പ്രസ്സുകൾക്ക് മുൻഗണന നൽകുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

<u>കെ. മോഹനനെതിരെയുള്ള വിജിലൻസ് അന്വേഷണം</u>

5853 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ജൂനിയർ ഫോർമാൻ (ബയന്റിംഗ്) കെ. മോഹനനെ കൈക്കൂലി കേസിൽ വിജിലൻസ് അന്വേഷണം നേരിടുന്നതു കാരണം ജില്ലയ്ക്കു പുറത്ത് സ്ഥലം മാറ്റം നൽകണമെന്ന ഉത്തരവ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ടിയാനെ തിരുവനന്തപുരം ജില്ലയിൽ മാത്രമേ നിയമിക്കാൻ പാടുള്ളു എന്ന വിധത്തിൽ കോടതിവിധി നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ടിയാന്റെ പേരിൽ 2001-2006-ൽ സർക്കാർ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>സ്റ്റേഷനറി സാമഗ്രികളുടെ വിതരണം</u>

5854 ശ്രീ.എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാലയങ്ങളിലും സ്റ്റേഷനറി സാമഗ്രികൾ വിതരണം ചെയ്യുന്നുണ്ടോ;

(ബി) ഏതെല്ലാം തരത്തിൽപ്പെട്ട സ്റ്റേഷനറി സാധനങ്ങളാണ് പ്രധാനമായും നൽകുന്നതെന്ന് വിശദമാക്കാമോ;

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2011 ഒക്ടോബർ 16.

പി. ഡി. രാജൻ,
സെക്രട്ടറി

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സുചിപ്പിക്കുന്നു.